## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29 | 05.03.2012-ൽ മറുപടിയ്ക്ക്

## സിയാൽ മാതൃകയിൽ കമ്പനികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബി. സത്യൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. ഉമ്മൻചാണ്ടി<br><br>(മുഖ്യമന്ത്രി) |
| എ) | സിയാൽ മാതൃകയിൽ സർക്കാർ ഓഹരി നിക്ഷേപത്തോടെ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;സിയാൽ മാതൃക എന്താണെന്ന് വിശദമാക്കുമോ ; | (എ) | കേരള ബസ് ഷെൽട്ടർ കമ്പനി, കുടിവെള്ള വിതരണ കമ്പനി, പൊതു ടോയ്‌ലറ്റ് കമ്പനി, ക്ളീൻസിറ്റി കമ്പനി എന്നീ നാല് സിയാൽ മോഡൽ കമ്പനികളാണ് സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>മൂലധനത്തിൻെറ 26% ഇക്വിറ്റി സംസ്ഥാന സർക്കാരും ബാക്കി മൂലധനം സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും നടപ്പാക്കുന്ന മാതൃകയാണ് സിയാൽ മാതൃകയായി അംഗീകരിച്ചിട്ടുള്ളത്. ചെയർമാനും മാനേജിംഗ് ഡയറക്ടറും ഉൾപ്പെടെ ഡയറക്ടർ ബോർഡിലെ മൂന്നിലൊന്ന് അംഗങ്ങളെ സംസ്ഥാന സർക്കാരിന് നോമിനേറ്റ് ചെയ്യാവുന്ന തരത്തിലാണ് സിയാൽ മാതൃക ആവിഷ്കരിച്ചിട്ടുള്ളത്. കമ്പനി രൂപീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ നടത്തിക്കൊണ്ട് പോകുന്ന വിധത്തിലാണ് സിയാൽ മാതൃക ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കമ്പനികൾ ഓരോന്നിന്റെയും മുഖ്യലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും പദ്ധതികളും വെളിപ്പെടുത്താമോ ; | | (ബി) യും (സി) യും<br><br>മഴയത്തും വെയിലത്തും ജനങ്ങൾ ബസ്സ് കാത്ത് നിൽക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിൻെറ എല്ലാ ഭാഗങ്ങളിലും ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് പരിപാലിക്കുന്നതിനുമായാണ് കേരള ബസ് ഷെൽട്ടർ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നത്. ചെറുകിട |
| (സി) | ജനജീവിതവുമായി ബന്ധപ്പെട്ട് ഏതെല്ലാം മേഖലകളിലായിരിക്കും ഈ കമ്പനികളുടെ സേവനങ്ങൾ എന്ന് വിശദമാക്കാമോ ; | | |

---

| | | | |
|---|---|---|---|
| | | | ഫിൽട്രേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് അതാത് സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സ്ഥാപിക്കാനുദ്ദേശിക്കുന്ന കുടിവെള്ള വിതരണ കമ്പനി, കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ സ്ഥലങ്ങളിലാണ് ആദ്യം നടപ്പിലാക്കാനുദ്ദേശിക്കുന്നത്. പൊതു ടോയ്‌ലറ്റുകളുടെ അഭാവവും നിലവിലുള്ളവയുടെ ശോച്യാവസ്ഥയും പരിഹരിക്കുന്നതിനായും കേരളത്തിലുട നീളം ഇ-ടോയ്‌ലറ്റുകൾ നിർമ്മിച്ചു പരിപാലിക്കുന്നതിനുമായാണ് പൊതു ടോയ്‌ലറ്റ് കമ്പനി രൂപീകരിക്കുന്നത്. നഗരങ്ങളിലെ മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമാക്കിയും ഇത് ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായും മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിനുമായാണ് ക്ലീൻ സിറ്റി കമ്പനി രൂപീകരിക്കുന്നത്. |
| (ഡി) | നിർദ്ദിഷ്ട കമ്പനികൾവഴി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ മേഖലയിലും എന്തു തുക വീതം സ്വകാര്യ നിക്ഷേപം പ്രതീക്ഷിക്കുന്നു ; | | (ഡി) യും (ഇ) യും<br><br>ഈ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലായതിനാൽ നിക്ഷേപം സംബന്ധിച്ച ചെലവുകൾ കണക്കാക്കിയിട്ടില്ല. |
| (ഇ) | പ്രസ്തുത കമ്പനികളിലേക്കുള്ള സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടി വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ